# മഹാത്മാഗാന്ധി സർവകലാശാല
# ഒന്നാം വർഷ ബിരുദ-ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം 2025
# ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.
- *ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധയോടെയും കൃത്യതയോടെയും* പൂരിപ്പിക്കുക.
- സ്വാശ്രയ കോളേജുകളിലെ 50 % സീറ്റുകളിലേക്കു കേന്ദ്രീകൃത ഏകജാലകം വഴിയാണ് പ്രവേശനം നടത്തുന്നത്. ആയതിനാൽ ഓപ്ഷനുകൾ നൽകുന്നതിന് മുൻപായി മെറിറ്റ് സീറ്റുകൾ സംബന്ധിച്ച് വ്യക്തമായി മനസ്സിലാക്കേണ്ടതാണ്.
- രജിസ്ട്രേഷൻ നടപടികളുടെ ആദ്യ സ്റ്റെപ്പ് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി **www.cap.mgu.ac.in** സൈറ്റിലെ **UGCAP** പേജ് എടുത്ത ശേഷം **"Click Here to Apply"** എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, പാസ്സ്‌വേർഡ് ജനന തീയതി, സർവ്വകലാശാല, രജിസ്റ്റർ നമ്പർ, കാറ്റഗറി, ഇമെയിൽ ഐ.ഡി., എന്നീ വിവരങ്ങൾ നൽകുക. എസ്.എസ്.എൽ.സി. യിലെ പോലെ തന്നെ പേര്, ജനന തീയതി എന്നിവ നല്കാൻ ശ്രദ്ധിക്കുക. രജിസ്റ്റർ നമ്പർ പ്ലസ് ടു മാർക്ക് ലിസ്റ്റിലെ പോലെ തന്നെ നൽകുക. പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്നവരല്ലാത്തവർ General Category സെലക്ട് ചെയ്യുക. കാറ്റഗറി തെറ്റായി നൽകിയാൽ അലോട്ട്മെന്റ് തെറ്റായി വരികയും പ്രവേശനത്തിന് ബുദ്ധിമുട്ടുകയും ചെയ്യും.

  ഇതിനു ശേഷം അപേക്ഷാ നമ്പർ എന്നിവ ലഭിക്കും. അപേക്ഷാ നമ്പർ ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കാനായി ലോഗിൻ ചെയ്യുക. ഏഴു സ്റ്റെപ്പുകളായാണ് അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ടത്.

1. **വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ.**
   - കേരളീയൻ അല്ലാത്തവർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹർ ആയിരിക്കുന്നതല്ല. ആയതിനാൽ കേരളത്തിന് പുറത്ത് നിന്നുള്ളവർ സംവരണം ക്ലെയിം ചെയ്യാൻ പാടുള്ളതല്ല.
   - ഇ.ഡബ്ല്യൂഎസ് (എക്കണോമിക്കലി വീക്കർ സെക്ഷൻ) മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം ആണ്. വില്ലേജ് ഓഫീസർ നൽകുന്ന Income and Assets സാക്ഷ്യപത്രമാണ് ഈ സംവരണം ലഭിക്കാൻ ആവശ്യമായ രേഖ. ബി.പി.എൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ ഇതിനായി പരിഗണിക്കുന്നതല്ല.
   - പ്രോസ്പെക്ടസിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ജാതി ലിസ്റ്റ് പരിശോധിച്ച ശേഷം മാത്രം ഒ.ഇ.സി. മുതലായ ജാതികൾ രേഖപ്പെടുത്തുക. അനുബന്ധം III ൽ വരുന്ന ജാതികൾ മാത്രമേ ഒ.ഇ.സി. ലിസ്റ്റിൽ

വരുന്നുള്ളൂ. അനുബന്ധം III ൽ വരുന്ന ജാതിയിൽ ഉൾപ്പെടുന്നവർ ഒ.ഇ.സി. ഫീസ് ആനുകൂല്യങ്ങൾക്ക് മാത്രമാണ് അർഹർ

- ക്രീമിലെയർ സ്റ്റാറ്റസ് ശ്രദ്ധയോടെ മാത്രം നൽകുക. എസ്.ഇ.ബി.സി സംവരണത്തിന് അർഹമായവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതാണ്.
- എസ്.സി./ എസ്.ടി. / ഒ.ഇ.സി. മുതലായ സംവരണങ്ങൾക്കും ഒ.ഇ.സി. ഫീസ് ആനുകൂല്യങ്ങൾക്കും അർഹരായവർ അത് തെളിയിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ്.

## ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ

1. Plus Two marklist
2. Caste certificate in the case of SC/ST candidates
3. Community Certificate along with non-creamy layer certificate(as per Government rules) from the revenue authorities concerned in the case of SEBC candidates who claim reservation under SEBC category. The non-creamy layer certificate should not have been issued earlier than 12 months prior to the submission of application**.**
4. Income and Asset Certificate from the revenue authorities concerned as stipulated in GO (MS) No. 128/2020/H Edn dated 20/03/2020 in the case of candidates who wish to avail of reservation under EWS.
5. Candidates who wish to avail of bonus/weightage of marks shall produce the relevant certificates

- Differently Abled ഭിന്നശേഷി ഉള്ളവർക്കായുള്ള സീറ്റിന് അപേക്ഷിക്കുന്നവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (കാലാവധി 5 വർഷം ) / സർക്കാർ സാമൂഹിക ക്ഷേമ വകുപ്പിന്റെ രേഖ എന്നിവ കൈവശം സൂക്ഷിക്കണം. ഇത്തരക്കാർ ഓൺലൈനായി അപേക്ഷിക്കണം. റാങ്ക് ലിസ്റ്റ് സർവ്വകലാശാല തയ്യാറാക്കുന്നതാണ്.
- NSS, NCC, EX-Servicemen/widow or children of jawan and ex-servicemen മുതലായ വെയിറ്റേജ് മാർക്കിന് അർഹരായവർ ബന്ധപ്പെട്ട കോളങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക. വെയിറ്റേജ് സംബന്ധമായ വിവരങ്ങൾക്ക് പ്രോസ്പെക്ട്സ് കാണുക.
- സ്വാശ്രയ പ്രോഗ്രാമുകളിലും സ്വാശ്രയ കോളേജുകളിലും ഉയർന്ന ഫീസ് നിരക്കാണ്. ആയതിനാൽ സ്വാശ്രയ പ്രോഗ്രാമുകളിലും സ്വാശ്രയ കോളേജുകളിലും ഓപ്ഷനുകളായി നൽകുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഫീസ് നിരക്കുകൾ പ്രോസ്പെക്ട്സിൽ അനുബന്ധമായി നൽകിയിട്ടുണ്ട്.
- ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു തവണ മാത്രമേ രജിസ്ട്രേഷൻ സാധ്യമാവുകയുള്ളൂ. ആയതിനാൽ ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്. ഇ.മെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷാകർത്താവിന്റെയോ മാത്രം നൽകുക. കമ്പ്യൂട്ടർ സെന്റർ മുതലായവയുടെ നമ്പറോ ഇ.മെയിൽ ഐ.ഡിയോ ഒരു

കാരണവശാലും നൽകരുത്. കമ്പ്യൂട്ടർ സെന്ററുകൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

2. **അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ.**
   - ബിരുദം പാസ്സായ വർഷം, സർവ്വകലാശാല, സ്ട്രീം, രജിസ്റ്റർ നമ്പർ, എത്രാമത് തവണയാണ് പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് യോഗ്യത പരീക്ഷ പാസായവർ Number of Appearances എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത് തവണയാണ് പാസായത് എന്ന് ) നൽകണം യോഗ്യതാ പരീക്ഷ പാസ്സായവർ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് 5 മാർക്ക് കുറവ് ചെയ്യുന്നതാണ്. അതിനാൽ ഈ വിവരം ശ്രദ്ധയോടെയും കൃത്യമായും നൽകേണ്ടതാണ്.
   - കേരള സ്റേറ് ഹയർ സെക്കന്ററി ബോർഡ്, സിബിഎസ് ഇ , സി ഐ സി എസ് ഇ എന്നീ ബോർഡുകൾ ഒഴികെയുള്ള പരീക്ഷാ ബോർഡുകളിൽ നിന്നും പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾ പ്രവേശന സമയത്ത് മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം. ഇത് മുൻകൂട്ടി കരുതിവയ്ക്കേണ്ടതാണ്.

3. **ഓപ്ഷനുകൾ നൽകുക.**

   ഓപ്ഷനുകൾ നൽകുന്നത് ശ്രദ്ധാപൂർവം ചെയ്യുക. വിദ്യാർഥികൾക്ക് താല്പര്യമുള്ള കോളേജുകളും പ്രോഗ്രാമുകളും മാത്രം നൽകുക. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വയ്ക്കുന്നത് നന്നായിരിക്കും. ഒരു കുട്ടിക്ക് 40 ഓപ്ഷനുകൾ വരെ നല്കാനാവുമെങ്കിലും ആവശ്യമുള്ള ഓപ്ഷനുകൾ നൽകുന്നതിന് ശ്രദ്ധിക്കുക.

4. **രജിസ്ട്രേഷൻ ഫീ അടക്കുക.**

   രജിസ്ട്രേഷൻ ഫീസ് ഓൺലൈൻ ആയി മാത്രം അടക്കുക. (ഫീസ് വിവരങ്ങൾ പ്രോസ്പെക്ട്സ് ൽ നൽകിയിട്ടുണ്ട്). ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാം. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടാവുകയോ അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടക്കാനുള്ള നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇ.മെയിൽ മുഖാന്തിരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

5. **സാക്ഷ്യപത്രങ്ങൾ അപ് ലോഡ് ചെയ്യുക.**
   - സാക്ഷ്യപത്രങ്ങൾ അപ് ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും ഉള്ളത് മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. [digital copies of certificates in pdf format of maximum size 200 kb].

6. **ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക.**

- നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധയോടു കൂടി വായിക്കുക. നിശ്ചിത വിവരങ്ങളിൽ തിരുത്തൽ വരുത്താവുന്നതാണ്.

7. **പ്രിന്റൗട്ട് എടുക്കുക.**

- രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.
- രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഉടനെ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ്‌വേർഡ് മാറ്റം വരുത്താൻ ശ്രദ്ധിക്കുക. അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇത് ആവശ്യമാണ്.
- തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ് ട്രയൽ അലോട്മെന്റിന്റിനു ശേഷം ഡാറ്റാ മോഡിഫിക്കേഷനുള്ള സൗകര്യം ലഭ്യമാക്കുന്ന വേളയിൽ നടത്താവുന്നതും പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.
- ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയക്കരുത്.
- വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ മുതലായവയ്ക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതും അവയുടെ ഡിജിറ്റൽ പകർപ്പ് ഓൺലൈനായി അപ് ലോഡ് ചെയ്യേണ്ടതുമാണ്. അലോട്മെന്റ് ലഭിച്ചതിനു ശേഷം  അപേക്ഷാ സമയത്ത് അപ് ലോഡ് ചെയ്ത  സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പുകളുറെ അടിസ്ഥാനത്തിൽ നടത്തുന്നതും പിന്നീട് സർവ്വകലാശാല നിഷ്കർഷിക്കുന്ന സമയത്ത് ഒറിജിനൽ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതുമാണ്. അപേക്ഷകർ പ്രവേശനം താത്കാലികമോ സ്ഥിരമോ എന്നത് അലോട്മെന്റ് ലഭിച്ച് ഓൺലൈൻ ആയി ഫീസ് ഒടു ക്കിയ ശേഷം  സെലക്ട് ചെയ്യേണ്ടതും തുടർന്ന് സ്ഥിരപ്രവേശമെങ്കിൽ കോളേജുകളിൽ ഒടുക്കേണ്ട ഫീസ് ബന്ധപ്പെട്ട കോളേജ് നിഷ്കർഷിക്കുന്ന ഓൺലൈൻ മോഡ് വഴി ഒടുക്കേണ്ടതുമാണ്. ഇതിനായി അപേക്ഷകണ് അലോട്മെന്റ് ലഭിച്ചതിന് ശേഷം  കോളേജുമായി ബന്ധപ്പെടേണ്ടതാണ്.
- ഭിന്ന ശേഷിക്കാർക്കായുള്ള ക്വാട്ട എന്നിവയുടെ രജിസ്ട്രേഷൻ ഓൺലൈൻ മുഖേനയാണ് ചെയ്യേണ്ടത്.

## സ്പോർട്സ് ക്വാട്ടാ / കൾച്ചറൽ ക്വാട്ടാ / ഭിന്ന ശേഷിക്കാർക്കായുള്ള ക്വാട്ട

- ഈ ക്വാട്ടാകളിലേക്ക് അപേക്ഷിക്കുന്നവർ മെറിറ് സീറ്റിലേക്കായുള്ള അപേക്ഷ പൂർത്തീകരിക്കുമ്പോൾ ലഭ്യമാവുന്ന ഓപ്ഷൻ സെലക്ട് ചെയ്ത് ലിങ്കിൽ പ്രവേശിച്ചാൽ മാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്പോർട്സ് ക്വാട്ടാ യിൽ അപേക്ഷിക്കേണ്ടവർക്ക് സ്പോർട്ട്സ് / കൾച്ചറൽ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിനായി ഒരു സ്റ്റെപ്പ് ലഭ്യമാവും. വെബ് സൈറ്റിലെ നിശ്ചിത കോളത്തിൽ സ്പോർട്ട്സ്/ കൾച്ചറൽ നേട്ടം സെലക്ട് ചെയ്ത് അതിന്റെ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷാർത്ഥിയുടെ ഓരോ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളും തുല്യമായ നേട്ടം സെലക്ട് ചെയ്ത് അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. സർട്ടിഫിക്കറ്റുകൾ എത്ര എണ്ണം വേണമെങ്കിലും അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഭിന്ന ശേഷിക്കാർക്കായുള്ള ക്വാട്ടയിലേക്ക് അപേക്ഷിക്കേണ്ടവർക്ക് ഭിന്ന ശേഷി സംബന്ധമായ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമായിരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ അടുത്ത സ്റ്റെപ്പിലേക്ക് പോകാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായാൽ പ്രൊഫൈലിലെ ലിങ്ക് ഉപയോഗിച്ച് അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ കാണാൻ സാധിക്കുന്നതാണ്. നിശ്ചിത തീയതിക്കുള്ളിൽ പുതിയവ അപ് ലോഡ് ചെയ്യുവാനും നിലവിലുള്ളവ നീക്കം ചെയ്യാനും സാധിക്കും. തുടർന്ന് ആവശ്യമായ ഓപ്ഷനുകൾ നൽകുകയും ചെയ്യണം.

  ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്ത് ആവശ്യമായ ഓപ്ഷനുകൾ നൽകിയവർക്ക് മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപെടുകയും പ്രവേശനത്തിന് അർഹത നേടുകയും ചെയ്യുകയുള്ളൂ. സമയപരിധിക്കു ശേഷം ഭിന്ന ശേഷിക്കാർക്കായുള്ള ക്വാട്ടാകളിലേക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

## കമ്മ്യൂണിറ്റി മെറിറ് ക്വാട്ടാ പ്രവേശനം

- കമ്മ്യൂണിറ്റി മെറിറ് ക്വാട്ടായിലേക്ക് അപേക്ഷിക്കുന്നവർ ഈ ക്വാട്ടാകളിലേക്ക് അപേക്ഷിക്കുന്നവർ മെറിറ് സീറ്റിലേക്കായുള്ള അപേക്ഷ പൂർത്തീകരിക്കുമ്പോൾ ലഭ്യമാവുന്ന ഓപ്ഷൻ സെലക്ട് ചെയ്ത് ലിങ്കിൽ പ്രവേശിച്ചാൽ മാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. കമ്മ്യൂണിറ്റി മെറിറ് ക്വാട്ടായിലേക്ക് അപേക്ഷിക്കേണ്ടവർക്ക് കമ്മ്യൂണിറ്റി സംബന്ധമായ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമായിരിക്കുന്നതാണ്. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ അടുത്ത സ്റ്റെപ്പിലേക്ക് പോകാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായാൽ പ്രൊഫൈലിലെ ലിങ്ക് ഉപയോഗിച്ച് അപ് ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ കാണാൻ സാധിക്കുന്നതാണ്. നിശ്ചിത തീയതിക്കുള്ളിൽ പുതിയവ അപ്‌ലോഡ് ചെയ്യുവാനും നിലവിലുള്ളവ

നീക്കം ചെയ്യാനും സാധിക്കും. തുടർന്ന് ആവശ്യമായ ഓപ്ഷനുകൾ നൽകുകയും ചെയ്യണം.

ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്ത് ആവശ്യമായ ഓപ്ഷനുകൾ നൽകിയവർക്ക് മാത്രമേ പ്രവേശനത്തിന് അർഹത നേടുകയുള്ളൂ. സമയപരിധിക്കു ശേഷം കമ്മ്യൂണിറ്റി മെറിറ് ക്വാട്ടായിലേക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

കമ്മ്യൂണിറ്റി മെറിറ് ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവർക്ക് തങ്ങളുടെ കമ്മ്യൂണിറ്റിയിൽ പ്പെട്ട എയ്ഡഡ് കോളേജുകളിൽ മാത്രമേ അപേക്ഷിക്കുന്നതിനു സാധിക്കുകയുള്ളൂ.

**മാനേജ്മെന്റ് ക്വാട്ടാ പ്രവേശനം:** മാനേജ്മെന്റ് ക്വാട്ടാ പ്രവേശനത്തിനായി അപേക്ഷകർ കോളേജുകളുമായി ബന്ധപ്പെടേണ്ടതും ഓൺലൈൻ ക്യാപ്പ് അപേക്ഷാ നമ്പർ നൽകേണ്ടതുമാണ്. ക്യാപ്പിൽ കൂടി അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ് ക്വാട്ടാ കളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

**DHSE /VHSE /THSE ബോർഡുകളിൽ നിന്നും പ്ലസ് 2 പാസ്സായവർ രജിസ്റ്റർ നമ്പർ, പാസ്സായ Practical വർഷം എന്നിവ നൽകുമ്പോൾ മാർക്കുകൾ/റിസൾട്ട് ഓട്ടോമാറ്റിക് ആയി വരുന്നതായിരിക്കും.**

**VHSE വിദ്യാർത്ഥികളുടെ വൊക്കേഷണൽ വിഷയങ്ങളൊഴികെയുള്ള വിഷയങ്ങൾ മാത്രമേ റാങ്കിംഗിന് പരിഗണിക്കൂ എന്നതിനാൽ വൊക്കേഷണൽ വിഷയങ്ങൾ (Vocational Theory /Vocational Practical) അപേക്ഷയിൽ കാണിക്കുന്നതായിരിക്കുകയില്ല.**

**CBSE /ISC ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഫാസ്റ്റ് ലാംഗ്വേജ് ആയി ഇംഗ്ലീഷും ഓപ്ഷണൽ വിഷയം അല്ലാതെ ഹിന്ദി/മലയാളം എന്നിവ പഠിച്ചിട്ടുണ്ടെങ്കിൽ അവ സെക്കൻഡ് ലാംഗ്വേജ് ആയും മാറ്റ് ഓപ്ഷണൽ വിഷയങ്ങൾ ഓപ്ഷണൽ ആയും നൽകേണ്ടതാണ്. വിജയിച്ച ഒരു വിഷയവും അപേക്ഷയിൽ നിന്നും ഒഴിവാക്കാൻ പാടില്ല.**

ഓൺലൈൻ അഡ്മിഷനായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് **0481-2733511,0481-2733521,0481-2733518** എന്നീ നമ്പറുകളിലോ ugcap@mgu.ac.in എന്ന ഇ.മെയിൽ ഐഡിയിലോ ബന്ധപെടുക.